**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 739** **05-10-2021 - ൽ മറുപടിയ്ക്ക്**

**എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമ്മാണത്തിന് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിലെ എടച്ചേരി വില്ലേജിൽ എടച്ചേരി ദേശത്തിൽ സർവ്വേ നമ്പർ 163/5 -ൽപ്പെട്ട എടച്ചേരി ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള 10 സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി വിട്ടുനൽകാമെന്ന് എടച്ചേരി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. |
| (ബി) | എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കാൻ രജിസ്ട്രേഷൻ വകുപ്പ് പഞ്ചായത്ത് വകുപ്പിന് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത ഓഫീസ് കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുന്നതിന് പഞ്ചായത്ത് വകുപ്പ് എന്തെങ്കിലും തടസ്സങ്ങൾ ഉന്നയിച്ചിട്ടുണ്ടോ? | (സി) | തടസ്സവാദങ്ങൾ ഉന്നയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

ആർ 1 - 5243/2016

ജില്ലാ രജിസ്ട്രാറുടെ കാര്യാലയം
കോഴിക്കോട് തീയതി 07/12/2018
E mail: [illegible]@nic.in Phone 0495 2721895

ജില്ലാ രജിസ്ട്രാർ(ജനറൽ)
കോഴിക്കോട്

സെക്രട്ടറി/പ്രസിഡണ്ട്
എടച്ചേരി ഗ്രാമപഞ്ചായത്ത്
എടച്ചേരി പി ഒ

സർ,

വിഷയം: രജി വകുപ്പ്- എടച്ചേരി സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തനത്തിനായി കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാക്കാനുള്ള അപേക്ഷ - സംബന്ധിച്ച്
സൂചന: 1. എടച്ചേരി സബ് രജിസ്ട്രാരുടെ 19/12/2018ലെ സി.43/18 നംപർ കത്ത്

മേൽ വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു. 01/10/1920 നു പ്രവർത്തനം ആരംഭിച്ച എടച്ചേരി സബ് രജിസ്ട്രാർ ഓഫീസ് നിലവി ൽ 2000ത്തിലധികം ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതും 4000ത്തോളം ബാദ്ധ്യതാ സർട്ടിഫിക്കറ്റുകളും നിരവധി ആധാരപകർപ്പുകളുടെ അപേക്ഷകളും കൈകാര്യം ചെയ്യുന്നതുമായ ഓഫീസാണ്. ഈ ഓഫീസ് നിലവി ല് ശരാശരി നൂറിലധികം പൊതുജനങ്ങള് വിവിധ ആവശിയങ്ങള്ക്കായി സന്ദർശിക്കാറുണ്ട്. റവന്യൂ ഭൂമി ലഭ്യമല്ലാത്തതിനാല് ഈ ഓഫീസിനു നാളിതുവരെ സ്വന്തം കെട്ടിടം നിർമ്മിക്കാന് സാധിച്ചിട്ടില്ല. നിലവി ൽ വാടക കെട്ടിടത്തിന്റെ ഒന്നാം നിലയിലാണ് ഓഫീസ് പ്രവർത്തിക്കുന്നത്. വാടകകെട്ടിടത്തിന്റെ സ്ഥലപരിമിതിമൂലം ആവശ്യത്തിനു ശുചിമുറികളും റാമ്പ് ഉള്പ്പെടെയുള്ള സൌകര്യങ്ങളും നിർമ്മിച്ച് ഭിന്നശേഷി സൌഹൃദ ഓഫീസ് ആക്കുവാന് സാധിക്കാത്ത അവസ്ഥ നിലവിലുള്ളതിനാല് എടച്ചേരി സബ് രജിസ്ട്രാർ ഓഫീസ് സന്ദർശിക്കുന്ന അംഗപരിമിതർ ഉള്പ്പെടെയുള്ള പൊതുജനങ്ങള്ക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്ന അവസ്ഥ നിലവിലുള്ളതായി എടച്ചേരി സബ് രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേല് സാഹചര്യത്തില് എടച്ചേരി സബ് രജിസ്ട്രാർ ഓഫീസിനു സൌകര്യപ്രദമായ കെട്ടിടം നിർമ്മിക്കുന്നതിലേക്കായി എടച്ചേരി ഗ്രാമപഞ്ചായത്തു വക സ്ഥലം രജിസ്ട്രേഷന് വകുപ്പിനു വിട്ടുനല്കണമെന്ന് അപേക്ഷിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ

ജില്ലാ രജിസ്ട്രാർ(ജനറൽ)
കോഴിക്കോട്